**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 628** **26-07-2021 - ൽ മറുപടിയ്ക്ക്**

**റോഡ് മെയിന്റനൻസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | നാഷണൽ ഹൈവേ ഉൾപ്പെടെ പൊതുമരാമത്ത് വകുപ്പിൻ കീഴിലെ റോഡുകളിലെ കുണ്ടും കുഴിയും നികത്താനും യഥാസമയം അറ്റകുറ്റപ്പണി ഉറപ്പാക്കാനും ഇവ സമയബന്ധിതമായി നടത്താതെ കൃത്യ വിലോപം കാണിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ ഉറപ്പ് വരുത്താനും സ്വീകരിച്ച് വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | നാഷണൽ ഹൈവേ ഉൾപ്പെടെ പൊതുമരാമത്ത് വകുപ്പിനു കീഴിലെ റോഡുകളിലെ കുണ്ടും കുഴിയും നികത്താനും യഥാസമയം അറ്റകുറ്റപ്പണി ഉറപ്പാക്കാനും ഇവ സമയബന്ധിതമായി തീർപ്പാക്കാനും എല്ലാ നടപടിക്രമങ്ങളും നിരത്ത്, നാഷണൽ ഹൈവേ വിഭാഗങ്ങളിൽ നിന്നും സ്വീകരിച്ചു വരുന്നു. പൊതുമരാമത്ത് റോഡുകളിലെ ഡി.എൽ.പി. കാലയളവിനുള്ളിലെ അറ്റകുറ്റപ്പണികൾ കരാറുകാരന്റെ ഉത്തരവാദിത്വത്തിൽ തന്നെ ചെയ്യിക്കുന്നു. നിരത്തു വിഭാഗത്തിൽ നിന്നും ഡി.എൽ.പി. കഴിഞ്ഞു കൈമാറിക്കിട്ടുന്ന റോഡുകളുടെ അറ്റകുറ്റപ്പണികൾ റണ്ണിംഗ് കോൺട്രാക്ട് വഴി ചെയ്യുന്നതിനാണ് നിരത്തുപരിപാലന വിഭാഗത്തെ ചുമതലപ്പെടുത്തിയിരിക്കുന്നത്. ഇതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിൽ നിരത്ത് വിഭാഗമാണ് റോഡിന്റെ അറ്റകുറ്റപ്പണികൾ നടത്തി വരുന്നത്. ഔട്ട്പുട്ട് ആന്റ് പെർഫോർമൻസ് ബെയ്സ്ഡ് റോഡ് കോൺട്രാക്ട് (OPBRC) എന്ന ആധുനിക കരാർ ആശയപ്രകാരം സംസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെട്ട റോഡുകളുടെ പരിപാലന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങളും പുരോഗമിച്ചുവരുന്നു. OPBRC യിൽ ഒരു കരാർ പ്രകാരം 7 വർഷക്കാലമാണ് നിരത്തുകൾ പരിപാലിക്കുവാൻ സാധിക്കുക. പൊതുമരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി നടത്താതെ കൃത്യവിലോപം കാണിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ ഉചിതമായ രീതിയിൽ അന്വേഷണം നടത്തി കുറ്റക്കാരെന്ന് കണ്ടെത്തുന്നവർക്കെതിരെ 1960 ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിവും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ പ്രകാരവും സർവ്വീസിൽ നിന്നും വിരമിച്ചവർക്കെതിരെ കേരള സർവ്വീസ് ചട്ടങ്ങൾ പ്രകാരവും നടപടി സ്വീകരിച്ച |

| | | | |
|---|---|---|---|
| | | | വരുന്നു. റോഡ് നിർമ്മാണത്തിലെ അപാകതകൾ സംബന്ധിച്ച് പരാതികൾ ലഭിക്കുന്നപക്ഷം അവ പരിശോധിച്ച് വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ, ധനകാര്യപരിശോധനാ വിഭാഗം, പൊതുമരാമത്ത് വിജിലൻസ് വിഭാഗം തുടങ്ങിയ വിവിധ ഏജൻസികൾ റിപ്പോർട്ടുകൾ സമർപ്പിക്കാറുണ്ട്. പ്രസ്തുത റിപ്പോർട്ടുകൾ പരിശോധിച്ച് ഉത്തരവാദികളായ ജീവനക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുകയും, അപാകതകൾ അടിയന്തരമായി പരിഹരിക്കുന്നതിനുള്ള നിർദ്ദേശം നൽകുകയും ചെയ്യുന്നു. |
| (ബി) | ഇവ സംബന്ധിച്ച് എത്ര പരാതികൾ ഈ സർക്കാരിന്റെ കാലയളവിൽ വകുപ്പിന് ലഭ്യമായി; എത്ര കേസ്സുകളിൽ നടപടി സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കുമോ? | (ബി) | ഈ സർക്കാരിന്റെ കാലയളവിൽ ഉദ്യോഗസ്ഥരെ സംബന്ധിച്ച പരാതികളൊന്നും തന്നെ പൊതുമരാമത്ത് വകുപ്പിൽ ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ